## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7700** **23.07.2012-ൽ മറുപടിയ്ക്ക്**

## കുറ്റാരോപിതനോട് റിപ്പോർട്ട് ആവശ്യപ്പെടുന്നത് മൂലം നീതി ലഭിക്കാത്ത നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു കുരുവിള | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) താഴെ തലങ്ങളിലുള്ള ഓഫീസിനെ സംബന്ധിച്ച് വകുപ്പ് മന്ത്രിക്കോ വകുപ്പ് മേധാവിക്കോ നൽകുന്ന പരാതിയിന്മേൽ, കുറ്റാരോപിതനായ ആളിനോട് തന്നെ റിപ്പോർട്ട് ആവശ്യപ്പെടുന്നത് മൂലം നീതി ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല; കുറ്റാരോപിതനായ വ്യക്തിയിൽനിന്ന് വിശദീകരണം തേടി ബന്ധപ്പെട്ടവരുടെ ഭാഗംകൂടി കേട്ട്, സാമാന്യ നീതി ഉറപ്പുവരുത്തി നീതിപൂർവ്വകവും പക്ഷപാതരഹിതവുമായ തീരുമാനം കൈക്കൊള്ളുക എന്നതാണ് നിലവിലുള്ള വ്യവസ്ഥ. ഇതിന് വ്യത്യസ്ഥമായി പ്രവർത്തിക്കുന്നുവെന്ന് ബോദ്ധ്യപ്പെടുന്ന കേസുകളിൽ മേൽ ഉദ്യോഗസ്ഥർക്ക് ഇടപെട്ട് നീതി ഉറപ്പാക്കാവുന്നതാണ്. |
| (ബി) ഇത്തരം ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ ആക്ഷേപം പരിശോധിക്കുന്നതിനും വിശദ റിപ്പോർട്ട് നൽകുന്നതിനും ബന്ധപ്പെട്ട ഓഫീസിന് തൊട്ട് മുകളിലുള്ള ഓഫീസ് അധികാരിക്ക് നിർദ്ദേശം നൽകുകയും രണ്ട് പേരുടേയും ഭാഗം പരിശോധിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | |

സെക്ഷൻ ഓഫീസർ